"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ബി.ടെക് വിദ്യാർത്ഥികളെ ഫീസ് ഈടാക്കി ഇന്റേൺഷിപ്പ് ആയി പങ്കെടുപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.90/2025/POWER തീയതി,തിരുവനന്തപുരം, 22-04-2025

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം. 55/2024/ധന തീയതി: 17/07/2024.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 24.07.2024, 22.01.2025 തീയതികളിലെ CEI/4502/2024-H2 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ഇന്റേൺഷിപ്പ് ആയി ബി.ടെക് വിദ്യാർത്ഥികളെ ഓരോരുത്തർക്കും ₹2500/- ഫീസ് ഈടാക്കി അഞ്ചു വിദ്യാർത്ഥികളെ വീതം 10 ദിവസം കാലാവധി നൽകി പങ്കെടുപ്പിക്കുന്നതിന് അനുമതിയും ഇന്റേൺഷിപ്പ് ഈടാക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2. പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറിയിൽ ഇന്റേൺഷിപ്പ് ആയി ബി.ടെക് വിദ്യാർത്ഥികളെ, ഓരോരുത്തരിൽ നിന്നും ₹2500/- ഫീസ് ഈടാക്കി അഞ്ചു വിദ്യാർത്ഥികളെ വീതം 10 ദിവസം കാലാവധി നൽകി പങ്കെടുപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇപ്രകാരം ഈടാക്കുന്ന ഫീസ് '0043-വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും-00-800-മറ്റു വരവുകൾ-98- മറ്റു വരവുകൾ" എന്ന ശീർഷകത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ഐ & പി.ഡബ്ല്യു-എ) വകുപ്പ് (**19.11.2024** തീയതിയിലെ **I&PW-A2/344/2024-FIN** പ്രകാരം)
ധനകാര്യ (ആർ.എം.സി) വകുപ്പ്. (**26.01.2025** തീയതിയിലെ **3032132**/ആർ.എം.സി-**2/5/2025**-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 22-04-2025 11:02:07

സെക്ഷൻ ഓഫീസർ